ഉത്തരം

(എ, ബി) സംസ്ഥാനത്ത് പുതുതായി നിയമനം ലഭിക്കുന്ന വില്ലേജ് അസിസ്റ്റന്റ് മാർക്കും സ്പെഷ്യൽ വില്ലേജ് ഓഫീസർമാർക്കും ആറു ദിവസത്തെ പരിശീലനം നൽകുന്നതോടൊപ്പം വില്ലേജ് ഓഫീസർമാർക്കും പ്രത്യേകം ആറുദിവസത്തെ പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിൽ നൽകി വരുന്നു.

റവന്യൂ വകുപ്പിന്റെ റാന്നി ട്രഷറിക്ക് സമീപമുള്ള സ്ഥലം ടവർ നിർമ്മിക്കുവാൻ ഹൗസിംഗ് ബോർഡിന് കൈമാറിയ നടപടി

38 [5676] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി ദയവം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ റാന്നി ട്രഷറിക്ക് സമീപമുള്ള സ്ഥലത്ത് റവന്യൂ ടവർ നിർമ്മിക്കുവാൻ എന്നാണ് ഹൗസിംഗ് ബോർഡിന് കൈമാറിയത്;

(ബി) പൊതു മരാമത്ത് വകുപ്പ് മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥലം റവന്യൂ വകുപ്പിന് അടിയന്തിരമായി മടക്കിനൽകുവാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത സ്ഥലം മടക്കിനൽകണമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ എന്നാണ് ഹൗസിംഗ് ബോർഡിന് കത്തെഴുതിയത്;

(ഡി) ഈ കത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്ത് മറുപടിയാണ് ഹൗസിംഗ് ബോർഡ് അധികൃതർ നൽകിയിരിക്കുന്നത്?

ഉത്തരം

(എ) 29-11-1995-ൽ.

(ബി) സാമ്പത്തിക അഭികാമ്യത പരിശോധിച്ചശേഷം റാന്നിയിൽ ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള സർക്കാർ ഭൂമിയിൽ റവന്യൂ ടവർ നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ലാന്റ് റവന്യൂ കമ്മീഷണർ ഹൗസിംഗ് ബോർഡിന് കത്തെഴുതിയിട്ടില്ല.

(ഡി) 'സി' പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

മിനി സിവിൽസ്റ്റേഷനുകളുടെ നിർമ്മാണം

39 [5677] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി ദയവം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly